പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3093 — 19-06-2018-ലെ മറുപടിയ്ക്ക്

## വിള ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** ഏതൊക്കെ കൃഷികൾക്കാണ് സർക്കാർ വിള ഇൻഷുറൻസ് പരിരക്ഷ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | **(എ)** നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. ചുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാര തുക തീരെ അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി)** ഉണ്ട്. 22 വർഷങ്ങൾക്കുശേഷം സംസ്ഥാന സർക്കാർ 2017-ൽ പരിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയത് മൂലം കർഷകർക്ക് വർദ്ധിപ്പിച്ച നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br><br>തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, |

ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ച് ഇരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്.

| വിള | മുമ്പ് ഉണ്ടായിരുന്നത് | വർദ്ധിപ്പിച്ചത് |
|---|---|---|
| നെല്ല് | 45 ദിവസത്തിനുള്ളിൽ രൂ.3000/ha 45 ദിവസത്തിനുശേഷം രൂ.5000/ha | 45 ദിവസത്തിനുള്ളിൽ രൂ.15000/ha 45 ദിവസത്തിനുശേഷം രൂ.35000/ha |
| പച്ചക്കറികൾ | പന്തലില്ലാത്തതിന് രൂ.15000/ha പന്തലുള്ളതിനു രൂ.25000/ha | പന്തലില്ലാത്തതിന് രൂ.25000/ha പന്തലുള്ളതിനു രൂ.40000/ha |
| കുരുമുളക് | ഓരോ താങ്ങു മരത്തിനും രൂ. 40 വീതം | ഓരോ താങ്ങു മരത്തിനും രൂ. 200 വീതം |
| ഏലം | രൂ.30000/ha | രൂ.60000/ha |
| ഇഞ്ചി | രൂ.40000/ha | രൂ.80000/ha |
| മഞ്ഞൾ | രൂ.40000/ha | രൂ.60000/ha |
| ജാതി | രൂ.200/മരം | രൂ.3000/മരം |
| ഗ്രാമ്പൂ | രൂ.150/മരം | രൂ.1000/മരം |

**(സി)** വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**(സി)** ഉണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഉണ്ടായിട്ടുള്ള ബാഹുല്യവും സമർപ്പിച്ച അപേക്ഷയിൽ കാണപ്പെടുന്ന അപാകതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിനുള്ള കാലതാമസവും കാരണമാണ് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി നടപടി

സ്വീകരിക്കുന്നതാണ്.

(ഡി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ കുറെക്കൂടി ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കർഷകരുടെ യഥാർത്ഥത്തിലുള്ള നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചാണ് പുനരാവിഷ്കരിച്ചത്. പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകൾ കൂടുതൽ ലഘൂകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**